©
Government of Kerala
കേരള സർക്കാർ
2007

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE
# കേരള ഗസററ്

## EXTRAORDINARY
## അസാധാരണം

### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LII<br>വാല്യം 52 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 16th March 2007<br>2007 മാർച്ച് 16<br>25th Phalguna 1928<br>1928 ഫാൽഗുനം 25 | No.<br>നമ്പർ | 507 |

## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 28/2007/തൊഴിൽ. തിരുവനന്തപുരം, 2007 മാർച്ച് 3.

**എസ്. ആർ. ഒ. നമ്പർ 242/2007.**—1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 1999 മേയ് 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) 56/99/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 1999 മേയ് 4-ാം തീയതിയിലെ 889-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 386/99 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി ഭേദഗതി ചെയ്യുന്നതിനുവേണ്ടി, പ്രസ്തുത വകുപ്പുപ്രകാരം 2006 നവംബർ 21-ാം തീയതിയിലെ 1853-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ, 2006 നവംബർ 2-ാം തീയതിയിലെ 4330/എച്ച്3/2006/തൊഴിൽ വിജ്ഞാപന പ്രകാരം കരടുപദ്ധതി പ്രസിദ്ധപ്പെടുത്തിയശേഷം താഴെ പറയും പ്രകാരം പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2007-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ,—

(1) 3-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡിക (എം) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എൻ) "സ്കാറ്റേർഡ് വിഭാഗം" എന്നാൽ 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടാത്തതും 1995-ലെ കേരള ചുമട്ടു തൊഴിലാളി (അറ്റാച്ച്ഡ് വിഭാഗം) ക്ഷേമപദ്ധതിയുടെ പരിധിയിൽ വരാത്തതും എന്നാൽ, ആക്ടിലെ 2-ാം വകുപ്പ് (എം) ഖണ്ഡത്തിലെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്നതുമായ, ചുമട്ടു തൊഴിലാളികളുടെ വിഭാഗം എന്നർത്ഥമാകുന്നു";

(2) 12-ാം ഖണ്ഡിക (1)-ാം ഉപഖണ്ഡികയ്ക്കുശേഷം താഴെ പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"(1 എ) (1)-ാം ഉപഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന രീതി കൂടാതെ പദ്ധതി അംഗത്വം നേടുമ്പോൾ തൊഴിലാളി നൽകിയിട്ടുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മുൻകൂറായി വാർഷികാടിസ്ഥാനത്തിലോ, അർദ്ധവാർഷികാടിസ്ഥാനത്തിലോ ബോർഡിന്റെ പ്രാദേശിക കമ്മിറ്റി ഓഫീസിലോ, കമ്മിറ്റി നിർദ്ദേശിക്കുന്ന ക്യാമ്പുകളിലോ വിഹിതം അടച്ച് അധികൃതരിൽ നിന്ന് രസീത് വാങ്ങാവുന്നതും അത് പാസ് ബുക്കിൽ അധികൃതരിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങാവുന്നതുമാണ്."

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2004-2006) എട്ടാമത് റിപ്പോർട്ടിലെ ബന്ധപ്പെട്ട ശുപാർശകൾ കണക്കിലെടുത്ത് 1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ "സ്കാറ്റേർഡ്" എന്ന

പദത്തിന് നിർവ്വചനം നൽകുന്നതിനും പദ്ധതിയിൽ അംഗത്വം നേടുമ്പോൾ തൊഴിലാളി നൽകിയിട്ടുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ മുൻകൂറായി വാർഷികാടിസ്ഥാനത്തിലോ, അർദ്ധവാർഷികാടിസ്ഥാനത്തിലോ, ബോർഡിന്റെ പ്രാദേശിക കമ്മിറ്റി ഓഫീസിലോ, കമ്മിറ്റി നിർദ്ദേശിക്കുന്ന ക്യാമ്പുകളിലോ വിഹിതം അടയ്ക്കുന്നതിനും വ്യവസ്ഥ ഉൾക്കൊള്ളിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചിരുന്നു.

പ്രസ്തുത ഭേദഗതി സംബന്ധിച്ച്, 1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, 2006 നവംബർ 21-ാം തീയതിയിലെ 1853-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ, പ്രസിദ്ധപ്പെടുത്തിയിരുന്ന കരടു പദ്ധതിയിന്മേൽ നാളിതുവരെ യാതൊരു അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടില്ലാത്തതിനാൽ, കരടു പദ്ധതിയിലെ വ്യവസ്ഥകൾ അന്തിമ വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്താൻ സർക്കാർ തീരുമാനിച്ചു.

ഈ ഉദ്ദേശം നിറവേറ്റുന്നതിനുവേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES